# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 236      19.03.2015 -ൽ മറുപടിയ്ക്ക്

## പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ രൂപീകരണ ബിൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.വി.വിജയദാസ്<br>" എ.കെ.ബാലൻ<br>ശ്രീമതി കെ.എസ്.സലീഖ<br>ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |

| | | | |
| --- | --- | --- | --- |
| എ) | നിയമസഭ ഐകകണ്ഠേന പാസാക്കിയ പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ രൂപീകരണ ബില്ലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ ; | എ) ബി) & സി) | സംസ്ഥാന നിയമസഭ പാസ്സാക്കിയ "പ്ലാച്ചിമട കൊക്കകോള വിക്ടിംസ് റിലീഫ് & കോമ്പൻസേഷൻ ക്ലെയിംസ് സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ 2011"-ന്റെ കരട് ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുകയുണ്ടായി. പരിസ്ഥിതിനിയമ ലംഘനം മൂലമുണ്ടാകുന്ന ദുരിതങ്ങൾക്കും തർക്കങ്ങൾക്കും പരിഹാരം കാണുന്നതിനായി 'ദേശീയ ഹരിത ട്രൈബ്യൂണൽ ആക്ട്' രൂപീകരിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത ട്രിബ്യൂണലിനെ സമീപിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം പ്രസ്തുത കരട് ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാതെ തിരിച്ചയക്കുകയുണ്ടായി. കേന്ദ്ര സർക്കാരിന്റെ ഈ നിർദ്ദേശത്തിന്മേൽ സ്വീകരിക്കേണ്ട തുടർനടപടികൾ |
| ബി) | ബില്ലിന് ഇതുവരെ രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കാതെ പോയതിന്റെ കാരണം അറിയിക്കാമോ; | | |
| സി) | ഇതിനായുള്ള തടസ്സങ്ങൾ എന്തെന്നും അത് നീക്കാനായി സർക്കാർ സ്വീകരിച്ച നടപടികളും അറിയിക്കാമോ; | | |

| | |
|---|---|
| | സംബന്ധിച്ച് സർക്കാർ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ആരാഞ്ഞിരിക്കുകയാണ്. |
| ഡി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ വിവിധ ഘട്ടങ്ങളിലായി ആവശ്യപ്പെട്ട വിശദീകരണങ്ങളും അവയ്ക്ക് സംസ്ഥാനം നൽകിയ മറുപടിയും വ്യക്തമാക്കാമോ? | ഡി) പ്രസ്തുത ബില്ലിനെ സംബന്ധിച്ച് കേന്ദ്രസർക്കാർ ആവശ്യപ്പെട്ട വിശദീകരണങ്ങളും അവയ്ക്ക് സംസ്ഥാനം നൽകിയ മറുപടിയും അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ സംബന്ധിച്ച് കേന്ദ്രസർക്കാർ വിശദീകരണം ആവശ്യപ്പെട്ടിട്ടുള്ള പ്രധാന വിഷയങ്ങളും അവയ്ക്ക് സംസ്ഥാനം നൽകിയ മറുപടിയും

(i) 2010 ലെ നാഷണൽ ഹരിത ട്രൈബ്യൂണൽ ആക്റ്റിൽ "environment", "substantial question relating to environment" എന്നീ പദങ്ങൾ നിർവചിച്ചിട്ടുണ്ട്. പരിസ്ഥിതി സംബന്ധിച്ച വിഷയങ്ങളിലുള്ള എല്ലാ സിവിൽ കേസ്സുകളിലും, പ്രസ്തുത ആക്റ്റിന്റെ 1-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഏഴ് ആക്റ്റുകളുമായി ബന്ധപ്പെട്ട പരിസ്ഥിതി സംബന്ധിച്ച നിയമപരമായ എല്ലാ അവകാശങ്ങളുടെയും നടത്തിപ്പ് ഉൾപ്പെടെയുള്ള എല്ലാ അടിസ്ഥാന വിഷയങ്ങളിന്മേലുള്ള ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ആധികാരികതയും അധികാരങ്ങളും വളരെ വിശാലമാണ്. കൂടാതെ കേന്ദ്രസർക്കാരിന്റെ MoEF, കേന്ദ്ര ഭൂഗർഭജല അതോറിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും ആയതിനാൽ ഇതുമായി ബന്ധപ്പെട്ട എല്ലാ തർക്കങ്ങളും പ്രസ്തുത കേന്ദ്ര ആക്റ്റിന്റെ പരിധിയിൽ വരുന്നതാണെന്നും കേന്ദ്രമന്ത്രാലയം ചൂണ്ടിക്കാണിക്കുന്നു. ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിൽ നിന്നും താഴെ പറയും പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

കൊക്കോകോള കമ്പനി പെരുമാട്ടി, പട്ടാഞ്ചേരി പഞ്ചായത്തുകളിലും അടുത്തുള്ള മറ്റു പഞ്ചായത്തുകളിലും നിന്ന് ഭൂഗർഭജലം അധികമായി ഊറ്റിയെടുക്കുന്നതുമൂലം അവിടെ താമസിച്ചുവരുന്ന ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്നതുമൂലവും മറ്റും ഉണ്ടായിട്ടുള്ള കഷ്ടനഷ്ടങ്ങൾ സംബന്ധിച്ച തർക്കങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതിനും നഷ്ടപരിഹാരം ഈടാക്കുന്നതിനുമാണ് സംസ്ഥാന ബിൽ പ്രകാരമുള്ള സ്പെഷ്യൽ ട്രൈബ്യൂണൽ രൂപീകരിച്ചിട്ടുള്ളത്. ആയതിനാൽ ഈ വിഷയം വെറും പരിസ്ഥിതി മലിനീകരണം സംബന്ധിച്ചുമാത്രമല്ല, മറിച്ച് പ്രസ്തുത കമ്പനി ജനങ്ങൾക്ക് ഉണ്ടാക്കിയിട്ടുള്ള കഷ്ടനഷ്ടങ്ങൾ സംബന്ധിച്ച് കൂടിയുള്ളതാണ്. കേന്ദ്ര ആക്ടിന്റെ പട്ടികയിൽ പറഞ്ഞിട്ടുള്ള ഏഴു നിയമങ്ങളുടെയും നടത്തിപ്പിനായി രൂപീകരിച്ചിട്ടുള്ള ദേശീയ ഹരിത ട്രൈബ്യൂണൽ പ്രസ്തുത പഞ്ചായത്തുകളിലെ ജനങ്ങളുടെ പരാതികൾക്ക് പരിഹാരം കാണുന്നതിന് ഉതകുന്നതല്ല. ഭൂഗർഭ

ജലത്തിന്റെ അധിക ചൂഷണം കുടിവെള്ളം ദൗർലഭ്യം ഉണ്ടാക്കുന്നു. കൂടാതെ പ്രസ്തുത പഞ്ചായത്തുകളിലെ ജനങ്ങളുടെ ജീവിതമാർഗ്ഗം കൃഷിയും കൃഷിയുമായി ബന്ധപ്പെട്ട ജോലികളിലും ആണ്. ജലദൗർലഭ്യം കാർഷികോത്പാദനത്തെ ബാധിക്കുകയും ആത്യന്തികമായി അത് ദാരിദ്ര്യത്തിനും ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാക്കിയിട്ടുള്ളതുമാണ്. ആയതിനാൽ 2010- ലെ ദേശീയ ഹരിത ട്രൈബ്യൂണൽ ആക്റ്റിലെ വ്യവസ്ഥകൾ ഇത്തരം യഥാർത്ഥ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉതകുന്നതല്ല.

(ii) പരിസ്ഥിതി മലിനീകരണത്തിന്റെ ഇരകൾക്ക് അവരുടെ പ്രശ്നത്തിന് പരിഹാരവും നഷ്ടപരിഹാരം നൽകുന്നതിനും കൂടാതെ നഷ്ടം വന്ന വസ്തുക്കൾക്ക് പകരം വസ്തുക്കൾ നൽകുവാനും ദേശീയ ഹരിത ട്രൈബ്യൂണലിന് അധികാരമുണ്ടെന്ന് കേന്ദ്ര സർക്കാർ ചൂണ്ടിക്കാണിച്ചിരിക്കുന്നു.

ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന് വേണ്ടി മറുപടി നൽകിയതിൽ പ്ലാച്ചിമട സ്പെഷ്യൽ ട്രൈബ്യൂണലിന് പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച് ഇരകൾക്ക് നഷ്ടപരിഹാരം നൽകുവാൻ മാത്രമല്ല നടപടികൾ എടുക്കാവുന്ന എല്ലാ വിധതെറ്റുകൾ സംബന്ധിച്ച വിഷയങ്ങളിലും നഷ്ടപരിഹാരം തീരുമാനിക്കുന്നതിന് അധികാരം നൽകുന്നുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(iii) ബന്ധപ്പെട്ട കക്ഷികളുടെ പരാതികൾക്ക് പരിഹാരം കാണുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും നഷ്ടപ്പെട്ട വസ്തുക്കൾക്ക പകരം വസ്തു നൽകുന്നതിനും ദേശീയ ഹരിത ട്രൈബ്യൂണലിലേക്ക് അപേക്ഷ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി cause of action ഉത്ഭവിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവുവരെ ഉള്ളതും കൂടാതെ ട്രൈബ്യൂണലിന് ഈ കാലയളവ് മതിയായ കാരണങ്ങളിന്മേൽ 60 ദിവസത്തേയ്ക്ക് കൂടി നീട്ടി നൽകാവുന്നതുമാണ്. ആയതിനാൽ ഇത് സംബന്ധിച്ച തർക്കങ്ങൾ ദേശീയ ഹരിത ട്രൈബ്യൂണലിൽ പരിഗണിക്കുന്നതിന് cause of action ഉത്ഭവിക്കുന്നത് സംബന്ധിച്ച പ്രശ്നമുണ്ടാകുന്നതല്ല. cause of action എന്നത് ഒരു 'question of fact and law ' ആണെന്നും കേന്ദ്ര മന്ത്രാലയം ചൂണ്ടിക്കാണിക്കുന്നു.

ഈ വിഷയത്തിൽ, cause of action സംബന്ധിച്ച് കേന്ദ്ര മന്ത്രാലയം പറഞ്ഞിട്ടുള്ള കാര്യങ്ങൾ ശരിയല്ലെന്ന് സംസ്ഥാന സർക്കാരിന് വേണ്ടി അറിയിച്ചിട്ടുണ്ട്. ദേശീയ ഹരിത ട്രൈബ്യൂണൽ ആക്റ്റിന്റെ 14(3) വകുപ്പ് പ്രകാരം 'cause of action' ആദ്യമായി ഉത്ഭവിക്കുന്ന തീയതിമുതൽ ആറുമാസത്തിനകം ഫയൽ ചെയ്യാത്ത യാതൊരപേക്ഷയും ട്രൈബ്യൂണൽ സ്വീകരിക്കു

വാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. പ്ലാച്ചിമട പ്രശ്നം 2000 -ാം ആണ്ടിൽ ആണ് ആദ്യമായി ഉണ്ടായിട്ടുള്ളത്. ഇതിൽ നിന്നും ദേശീയ ഹരിത ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്യുന്നതിനുള്ള കാലപരിധി അവസാനിച്ചിട്ടുണ്ട് എന്നുള്ളത് വ്യക്തമാണ്. എന്നാൽ സംസ്ഥാനത്തിന്റെ ബില്ല് പാസ്സാകുന്ന പക്ഷം അതിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സ്പെഷ്യൽ ട്രൈബ്യൂണലിന് 2000 -ാം ആണ്ട് മുതൽ തുടങ്ങിയ 'cause of action' -നു മേലും നടപടികൾ സ്വീകരിക്കാവുന്നതാണ്.

(iv) ഈ വിഷയത്തിൽ സംസ്ഥാന നിയമസഭയ്ക്ക് നിയമനിർമ്മാണം നടത്തുവാൻ അധികാരമില്ല എന്നുള്ളതാണ് കേന്ദ്ര മന്ത്രാലയം നിരീക്ഷിച്ചിട്ടുള്ള മറ്റൊരു വിഷയം. അതായത്, ദേശീയ ഹരിത ട്രൈബ്യൂണൽ ആക്റ്റ് ഭരണഘടനയുടെ 253-ാം അനുച്ഛേദപ്രകാരം പാർലമെന്റിന് മാത്രമായി ലഭിക്കുന്ന അധികാരം വിനിയോഗിച്ചാണ് ഉണ്ടാക്കിയിട്ടുള്ളതെന്നും ആയത് ഏതെങ്കിലും 'International Treaty' അഥവാ ഏതെങ്കിലും അന്താരാഷ്ട്ര സമ്മേളനങ്ങളിൽ എടുത്തിട്ടുള്ള തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടിയാണെന്നും കേന്ദ്രസർക്കാർ നിരീക്ഷിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ ഏതാനും ചെറിയ കാര്യങ്ങളിൽ പ്രസ്തുത കേന്ദ്ര ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകുന്ന ചില വിഷയങ്ങൾ ഉണ്ടെന്ന് കാണാവുന്നതാണ്. അക്കാരണങ്ങൾ കൊണ്ടാണ് സംസ്ഥാന നിയമസഭ പാസ്സാക്കിയ ബില്ല്, ബഹുമാനപ്പെട്ട ഗവർണ്ണർ രാഷ്ട്രപതി യുടെ പരിഗണനയ്ക്കും അനുമതിയ്ക്കുമായി അയച്ചിട്ടുള്ളത്. കൂടാതെ പ്രസ്തുത കേന്ദ്ര ആക്റ്റ് ഭരണഘടനയുടെ 253-ാം അനുച്ഛേദപ്രകാരമാണ് ഉണ്ടാക്കിയിട്ടുള്ളത്. എന്നിരുന്നാൽ തന്നെയും, പ്രസ്തുത അനുച്ഛേദപ്രകാരമുള്ള അധികാരങ്ങൾ 2010-ൽ മാത്രമാണ് പാർലമെന്റ് വിനിയോഗിച്ചിട്ടുള്ളത്. എന്നാൽ പ്ലാച്ചിമട സംബന്ധിച്ച ഈ പ്രത്യേക വിഷയം ഒരു പ്രാദേശിക വിഷയം മാത്രമായിട്ടുള്ളതും അന്താരാഷ്ട്ര വിഷയം അല്ലാത്തതും പാർലമെന്റ് 2010-ൽ പ്രസ്തുത അധികാരം വിനിയോഗിക്കുന്നതിന് വർഷങ്ങൾക്ക് മുമ്പ്, അതായത് 2000 -ാം ആണ്ടിൽ ഉത്ഭവിച്ചിട്ടുള്ള വിഷയവുമായി ബന്ധപ്പെട്ടിട്ടുള്ളതുമാണ്. ആയതിനാൽ സംസ്ഥാന നിയമസഭ പാസ്സാക്കിയ ബില്ലിന് ആധാരമായ വിഷയങ്ങൾ 2010-ലെ കേന്ദ്ര ആക്റ്റിലെ വിഷയങ്ങളിൽ നിന്നും വേർതിരിക്കാ വുന്നതും ആകുന്നു. ഭരണ ഘടനയുടെ 253-ാം അനുച്ഛേദ പ്രകാരമുള്ള അധികാരം പാർലമെന്റിൽ പിന്നീട് നിക്ഷിപ്തമായിട്ടുള്ളതും 2010-ൽ മാത്രം വിനിയോഗിച്ചിട്ടുള്ളതുമാണ്.

ആയതിനാൽ ദേശീയ ഹരിത ട്രൈബ്യൂണൽ ആക്റ്റ് 2010-ൽ നിലവിൽ വന്നിട്ടുണ്ടെങ്കിൽ തന്നെയും സംസ്ഥാന ബില്ലിലെ വിഷയത്തിൽ നിയമ നിർമ്മാണം നടത്തുവാൻ സംസ്ഥാന നിയമസഭയ്ക്ക് അധികാരമുണ്ട്. കർഷകർക്കുള്ള 2007-ലെ ദേശീയ നയവും പ്ലാച്ചിമട കൊക്കക്കോള കമ്പനി പ്രവർത്തനമാരംഭിച്ചതിന് ശേഷം മാത്രമാണ് നിലവിൽ വന്നിട്ടുള്ളതെന്നും സംസ്ഥാന സർക്കാരിനുവേണ്ടി കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ